പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1696 25.03.2013-ൽ മറുപടിയ്ക്ക്

## സെപ്റ്റംബർ 17 പൊതു അവധിയായി പ്രഖ്യാപിക്കാൻ നടപടി

| | ചോദ്യം<br>ശ്രീ. മോൻസ് ജോസഫ് | | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | വിശ്വകർമ്മജരുടെ പുണ്യദിനമായ സെപ്റ്റംബർ 17 പൊതു അവധിയായി പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | 29.10.2014-ലെ മന്ത്രിസഭായോഗത്തിന്റെ തീരുമാനമനുസരിച്ച് വിശ്വകർമ്മദിനമായ സെപ്റ്റംബർ 17-ന് വിശ്വകർമ്മ സമുദായത്തിൽപ്പെട്ട സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും 31.10.14 ലെ സ.ഉ.(പി)നം.304/14/പൊഭവ നമ്പർ ഉത്തരവു പ്രകാരം നിലവിൽ നിയന്ത്രിത അവധി അനുവദിച്ചുവരുന്നുണ്ട്. |
| (ബി) | 60 വയസ്സ് കഴിഞ്ഞ പരമ്പരാഗത വിശ്വകർമ്മ തൊഴിലാളികൾക്ക് പെൻഷൻ അനുവദിക്കുമോ; | (ബി) | വിശ്വകർമ്മ വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്ക് കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിൽ അംഗത്വമെടുത്ത് അംശാദായമടച്ച് 60 വയസ്സ് പൂർത്തിയാക്കി പിരിയുമ്പോൾ പെൻഷൻ ലഭിക്കുന്നതാണ്. 29.08.2013-ലെ സ.ഉ.(സാധാ)നം.79/2013/പി.വി.വി.വ. ഉത്തരവ് പ്രകാരം മറ്റ് പെൻഷനുകളൊന്നും ലഭിക്കാത്ത പരമ്പരാഗത വിശ്വകർമ്മ വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്ക് 500/-രൂപ നിരക്കിൽ പെൻഷനായി അനുവദിച്ചിരുന്നു. 23.01.2018-ലെ സ.ഉ.(സാധാ)നം.05/2018/പി.വി.വി.വ. ഉത്തരവ് പ്രകാരം പെൻഷൻ തുക 500/-രൂപയിൽ നിന്ന് 1100/-രൂപയായി ഉയർത്തിക്കൊണ്ടും ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതിനുള്ള വരുമാന പരിധി 1 ലക്ഷം രൂപയായി ഉയർത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | 2003-ൽ വിശ്വകർമ്മജരെ പരമ്പരാഗത തൊഴിലാളിയായി പ്രഖ്യാപിച്ച ഉത്തരവിലെ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കുമോ; | (സി) | ശ്രദ്ധയിൽപെട്ടിട്ടില്ല |
| (ഡി) | കേരളാ ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ സേവനം വിപുലീകരിച്ച് മേഖലാ ഓഫീസ് പുന:സ്ഥാപിക്കുമോ; | (ഡി) | പരിഗണനയിലില്ല |

| | | | |
|---|---|---|---|
| (ഇ) | വിശ്വകർമ്മജരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിന് സർക്കാർ കമ്മീഷനെ നിയമിച്ചിട്ടുണ്ടോ; ഈ കമ്മീഷൻ ചെയർമാൻ ആരാണ്; ഇതിന്റെ ആസ്ഥാനം എവിടെയാണ്; പ്രത്യേക ഓഫീസ് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ എത്രയും വേഗം പരിഹാരമുണ്ടാകുമോ; കമ്മീഷന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ രൂപപ്പെടുത്തുന്നതിൽ ഉണ്ടായ കാലതാമസം വ്യക്തമാക്കാമോ; ഇതു പരിഹരിക്കുന്നതിനു നടപടി സ്വീകരിക്കുമോ? | (ഇ) | വിശ്വകർമ്മജരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിന് 18.10.2012-ലെ സ.ഉ.(സാധാ)നം.79/2013/പി.സ.വി.വ. പ്രകാരം ഡോ.പി.എൻ.ശങ്കരൻ കമ്മീഷൻ എന്ന ഏകാംഗ കമ്മീഷനെ നിയമിച്ച് പ്രവർത്തനം ആരംഭിച്ചിരുന്നു. ഈ കമ്മീഷന്റെ ചെയർമാൻ ഡോ.പി.എൻ.ശങ്കരൻ ആയിരുന്നു. 25.04.2013-ലെ സ.ഉ.(എം.എസ്)നം.02/2013/പി.സ.വി.വ. ഉത്തരവ് പ്രകാരം ടി കമ്മീഷന്റെ പഠനാവശ്യത്തിനുള്ള ഓഫീസ് (റ്റി.സി.24/2074(3), പനവിള, തൈക്കാട്, തിരുവനന്തപുരം) പ്രവർത്തിപ്പിക്കുന്നതിന് ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിരുന്നു. കമ്മീഷന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിൽ കാലതാമസമൊന്നും ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ